നവ കേരളം കർമപദ്ധതി

# നവകേരളം വാർത്ത

ഓൺലൈൻ വായനയ്ക്ക്

ന്യൂസ്‌ലെറ്റർ

2024 നവംബർ വാല്യം 2

42





# കുട്ടികളുടെ ഹരിതസഭ

മാലിന്യ സംസ്കരണ രംഗത്ത് കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ ശിശുദിനത്തിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച ഹരിതസഭയിൽ പ്രത്യാശയോടെയാണ് വിദ്യാർത്ഥികൾ പങ്കെടുത്തത്. വിദ്യാലയങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതലയുള്ള നോഡൽ ഓഫീസർമാരായ അധ്യാപകരും ഹരിതസഭയുടെ ഭാഗമായി. വിവിധ വിദ്യാലയങ്ങളിൽ നിന്നും ഹരിത സഭയിലേക്ക് തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ അതത് തദ്ദേശ സ്വയംഭരണ പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അവസ്ഥ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി സഭയിൽ അവതരിപ്പിച്ചു.

കുട്ടികൾ കണ്ടെത്തിയതും, ശേഖരിച്ചതുമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തുടർ നടപടികൾ സ്വീകരിക്കും. വിദ്യാർത്ഥികൾക്ക് അവരവരുടെ വീട്ടിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, മാലിന്യ സംസ്കരണത്തിലെ പോരായ്മകൾ കണ്ടെത്തി അക്കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കാനും ഹരിതസഭയിൽ അവസരമുണ്ടായി. പൂർണ്ണമായും ഹരിത ചട്ടങ്ങൾ പാലിച്ചാണ് കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചത്. 6611 സ്കൂളുകളിൽ നിന്നായി 80835 കുട്ടികൾ ശിശുദിനത്തിൽ നടന്ന ഹരിതസഭയിൽ പങ്കെടുത്തു. 6475 റിപ്പോർട്ടുകളാണ് അന്ന് സമർപ്പിച്ചത്. സ്കൂൾ യുവജനോത്സവം, ഉപതിരഞ്ഞെടുപ്പിനെ തുടർന്ന് മാതൃകാ പെരുമാറ്റച്ചട്ടം തുടങ്ങിയ കാരണങ്ങളാൽ 5 ജില്ലകളിൽ ശിശുദിനത്തിൽ ഹരിതസഭ ചേർന്നിരുന്നില്ല. അഞ്ചു ജില്ലകളിൽ കുട്ടികളുടെ ഹരിതസഭ ഡിസംബർ മാസത്തിലാണ് പൂർത്തിയാവുന്നത്.

# 75 'ലൈഫ്' വീടുകൾ ലയൺസ് നിർമിച്ചു നൽകും

ലൈഫ് മിഷനുമായി കൈകോർത്ത് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318എ 100 കുടുംബങ്ങൾക്ക് വീടു വച്ചു നൽകുന്നു. ഇതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഭൂരഹിത ഭവനരഹിതരായ 75 കുടുംബങ്ങൾക്ക് വീട് നിർമിച്ചു നൽകാനുള്ള ധാരണാപത്രത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെ സാന്നിധ്യത്തിൽ ഒപ്പിട്ടു. ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318എയുടെ ഡിസ്ട്രിക്ട് ഗവർണർ എം.എ. വഹാബ്, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് ഷാജി കടയ്ക്കൽ, കിളിമാനൂർ പഞ്ചായത്ത് സെക്രട്ടറിമാർ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.



തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. മനോജ് കുമാർ, കിളിമാനൂർ പഞ്ചായത്ത് പ്രസിഡന്റ് ടി.ആർ. മനോജ്, ലയൺസ് ഇന്റർനാഷണൽ പ്രതിനിധികളായ യു. പത്മകുമാർ, സക്കറിയ ദത്തോസ്, സി.എൽ. രവികുമാർ, ആർ. രാജൻ, എസ്. പി. സുധി എന്നിവർ പങ്കെടുത്തു.

## എഡിറ്റോറിയൽ

### ഉറച്ച ചുവടുകളുമായ് വൃത്തിയിലേക്ക്



കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കി മാറ്റാനുള്ള തീവ്രശ്രമത്തിലാണ് സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും. ജനകീയ പങ്കാളിത്തത്തോടെ ഇതിനായി നടത്തുന്ന ഇടപെടലുകൾ കൃത്യമായ ഫലം നൽകുകയാണ്. പൊതുസ്ഥലങ്ങളിൽ നടക്കുന്ന ശുചീകരണ യജ്ഞം, മാലിന്യ സംസ്കരണ ഉപാധികളുടെ പ്രചാരണം, ബോധവത്കരണ പ്രവർത്തനങ്ങൾ, സ്ഥാപനങ്ങളിലും പൊതുപരിപാടികളിലും ഹരിതചട്ട പാലനം തുടങ്ങിയവയിലൂടെ സംസ്ഥാനത്ത് ഇതിനകം പ്രകടമായ മാറ്റങ്ങൾ കൊണ്ടുവരാനായിട്ടുണ്ട്. മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിന്റെ ഭാഗമായി നടന്ന കുട്ടികളുടെ ഹരിതസഭ കുട്ടികളുടെ പങ്കാളിത്തം കൊണ്ടും ആശയ സംവാദം കൊണ്ടും ഏറെ ശ്രദ്ധ നേടി. നവകേരളത്തിലേക്ക് പുതുതലമുറകളുടെ ആശയങ്ങൾ ഉൾപ്പെടുത്താനും മാലിന്യ സംസ്കരണത്തിൽ കുട്ടികൾക്ക് അവബോധം നൽകാനും ലക്ഷ്യമിട്ടാണ് ശിശുദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചത്. സഭ നയിച്ചതും നിയന്ത്രിച്ചതും വിദ്യാർത്ഥി പ്രതിനിധികളായിരുന്നു. നാട്ടിലെ മലിനീകരണ പ്രശ്നങ്ങൾ വിദ്യാർത്ഥി പ്രതിനിധികൾ റിപ്പോർട്ടായി അവതരിപ്പിച്ചു. കുട്ടികളുടെ നിർദ്ദേശങ്ങളും പരാതികളും ആശങ്കകളും ജനപ്രതിനിധികൾക്കു മുന്നിൽ ചോദ്യങ്ങളായി ഉയർന്നു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മറുപടി പറയുകയും പരിഹാരം ഉറപ്പുവരുത്തുകയും ചെയ്തു. സ്കൂളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ കൃത്യമായ നിരീക്ഷണങ്ങൾ, മാലിന്യം കൈകാര്യം ചെയ്യുന്ന രീതി, മാലിന്യം കത്തിക്കുന്നതും വലിച്ചെറിയുന്നതുമായുള്ള പ്രശ്നങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം, നിലവിലുള്ള വെല്ലുവിളികൾ, ദ്രവ മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഹരിതസഭയിൽ ചർച്ച ചെയ്തു. സംസ്ഥാനത്തെ 54% വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളായി മാറിയതിൽ വിദ്യാർത്ഥികളുടെ പങ്ക് ചെറുതല്ല. ഇത് നൂറു ശതമാനത്തിലെത്താൻ വേണ്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സമ്പൂർണ്ണ ശുചിത്വം എന്ന ലക്ഷ്യത്തിലേക്ക് ഉറച്ച ചുവടുവയ്പുകളുമായി നാടൊരുമിച്ചു മുന്നേറുകയാണ്.

**ഡോ. ടി.എൻ. സീമ**

സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# കെ.എം.എം.എല്ലിൽ പുനർജ്ജനി പച്ചത്തുരുത്ത് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു

**ഖനനം ചെയ്ത ഭൂമിയിൽ ജൈവവൈവിധ്യം തിരിച്ചുകൊണ്ടുവരാൻ പച്ചത്തുരുത്ത് തീർക്കുന്നത് സംസ്ഥാനത്ത് ഇത് ആദ്യം**



ഖനനം നടന്ന് ഉപയോഗിക്കാതെ കിടന്ന കെ.എം.എം.എൽ. ന്റെ 30 ഏക്കർ ഭൂമിയിൽ പച്ചപ്പൊരുങ്ങുന്നു. സംസ്ഥാനത്ത് ആദ്യമായാണ് ഖനനം നടന്ന് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കാൻ നിർണ്ണായക പങ്കു വഹിക്കുന്ന പച്ചത്തുരുത്ത് തയ്യാറാക്കി സ്വാഭാവിക ജൈവവൈവിധ്യം



ഒരുക്കുന്നത്. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവ് ആദ്യ തൈ നട്ട് പുനർജ്ജനി പച്ചത്തുരുത്ത് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ നടപ്പാക്കുന്ന പദ്ധതി പ്രദേശത്തെ ഖനനത്തിനുശേഷമുള്ള പരിസ്ഥിതിയുടെ പുനർനിർമ്മാണം വേഗത്തിലാക്കുമെന്ന് മന്ത്രി പറഞ്ഞു. മൂന്നുവർഷം കഴിഞ്ഞാൽ ഇതൊരു ബൊട്ടാണിക്കൽ ഗാർഡനായി മാറുമെന്നും അതിനോട് ചേർന്ന് പാർക്കും ഇക്കോ ടൂറിസം പദ്ധതിയും ഉൾപ്പെടുന്ന വൻസംരംഭമാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ഖനനം പൂർത്തിയായ പൊന്മനയിലെ 30 ഏക്കർ പച്ചപ്പിന്റെ പ്രദേശമാക്കുന്ന പ്രവർത്തനം മാതൃകാപരമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായ എൻ.കെ. പ്രേമചന്ദ്രൻ എം.പി. പറഞ്ഞു. ചടങ്ങിൽ സുജിത് വിജയൻപിള്ള എം.എൽ.എ. അധ്യക്ഷനായി. പാലോട് ജെ.എൻ.ടി.ബി.ജി.ആർ.ഐ. ലെ വിദഗ്ധർപഠനം നടത്തിയാണ് അനുയോജ്യമായ തൈകൾ പദ്ധതിക്കായി തിരഞ്ഞെടുത്തത്. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളാണ് ഇതിലേറെയും. ഇതിനുപുറമെ സംസ്ഥാന കശുവണ്ടി വികസന ഏജൻസി നിർദ്ദേശിച്ച പ്രദേശത്തിനിണങ്ങിയ കശുമാവിൻ തൈകൾ, കൂടാതെ വിവിധയിനം നാട്ടുമരങ്ങളുടെ തൈകൾ തുടങ്ങിയവയും ഇവിടെ വച്ചുപിടിപ്പിക്കുന്നുണ്ട്. സമീപത്തുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ജൈവമാലിന്യ സംസ്കരണം വഴി ഉത്പാദിപ്പിക്കുന്ന ജൈവവളം ഇവിടെ പ്രയോജനപ്പെടുത്തും. ചടങ്ങിൽ കൊല്ലം ജില്ലാ കളക്ടർ എൻ. ദേവിദാസ് മുഖ്യപ്രഭാഷണം നടത്തി. ഹരിതകേരളം മിഷനിലെ

കൃഷി ഉപമിഷൻ അസി. കോർഡിനേറ്റർ എസ്.യു. സഞ്ജീവ് പദ്ധതി വിശദീകരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശേരി, പന്മന പഞ്ചായത്ത് പ്രസിഡന്റ് ജയചിത്ര ഐ., ജില്ലാ പഞ്ചായത്ത് മെമ്പർ സി.പി. സുധീഷ് കുമാർ, നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ, സംസ്ഥാന കാഷ്യു വികസന ഏജൻസി ചെയർമാൻ ഷിരീഷ് കെ., കെ.എം. എം.എൽ. മാനേജിംഗ് ഡയറക്ടർ പ്രദീപ് കുമാർ പി., മിനറൽ സെപ്പറേഷൻ യൂണിറ്റ് ഹെഡ് എം.യു. വിജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

## ശൈലി ആപ്പ്, രണ്ടാം ഘട്ടത്തിൽ 50 ലക്ഷം പേരുടെ സ്ക്രീനിംഗ് പൂർത്തിയായി

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ 50 ലക്ഷത്തോളം പേരുടെ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒന്നാം ഘട്ട സ്ക്രീനിംഗിൽ പങ്കെടുത്തവരെ ഉൾപ്പെടെ ഉൾക്കൊള്ളിച്ചാണ് രണ്ടാം ഘട്ട സ്ക്രീനിംഗ് നടത്തുന്നത്. ശൈലി



ഒന്നാം ഘട്ടത്തിൽ രക്താതിമർദം, പ്രമേഹം, കാൻസർ, ടിബി, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയപ്പോൾ രണ്ടാം ഘട്ടത്തിൽ ഇതോടൊപ്പം കുഷ്ഠ രോഗം, മാനസികാരോഗ്യം, കാഴ്ചാ പ്രശ്നം, കേൾവി പ്രശ്നം, വയോജന ആരോഗ്യം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു. സ്ക്രീനിംഗിൽ രോഗസാധ്യതയുണ്ടെന്ന് കണ്ടെത്തുന്നവരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ശൈലി രണ്ട് വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി 50 ലക്ഷം പേരുടെ സ്ക്രീനിംഗ് നടത്തിയതിൽ 46.7 ശതമാനം പേർക്ക് (23,21,315) ജീവിതശൈലീ രോഗ സാധ്യതയുള്ളതായി കണ്ടെത്തി. നവകേരളം കർമപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ ഹെൽത്ത് രൂപകല്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്.

## കട്ടിലപൂവ്വം സ്കൂളിന് പുതിയ മന്ദിരം



തൃശ്ശൂർ ജില്ലയിൽ ജി.എച്ച്.എസ്.എസ്. കട്ടിലപൂവ്വം സ്കൂളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് 2 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഹയർസെക്കൻഡറി കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം നവംബർ 12 ന് മന്ത്രി കെ. രാജൻ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മാടക്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാ മോഹൻ സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡന്റ് സണ്ണി ചെന്നിക്കര, വാർഡ് മെമ്പർ ജയ്മി ജോർജ്, തൃശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഡോ. എ. അൻസാർ KAS, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ എൻ.കെ. രമേഷ്, പിടിഎ പ്രസിഡന്റ് രാജേഷ് കെ.ബി., ഹെഡ്മിസ്ട്രസ്സ് സുധ ആർ. എന്നിവർ പ്രസംഗിച്ചു. പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ റജീന പി.ജെ. പദ്ധതി വിശദീകരിച്ചു. പ്രിൻസിപ്പാൾ ഇൻ ചാർജ് ഷാജൻ ബാബു നന്ദി പ്രകാശിപ്പിച്ചു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ സർവ്വീസ് സംഘടനകളും




മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ സർവ്വീസ് സംഘടനകൾ അണിചേരുന്നതിന്റെ ഭാഗമായി കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ (KGOA)നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ 34 സർക്കാർ ഓഫീസുകൾക്ക് അജൈവ മാലിന്യ ശേഖരണത്തിനും ജൈവ മാലിന്യ സംസ്കരണത്തിനുമുള്ള 68 ബിന്നുകൾ വിതരണം ചെയ്തു. ബിന്നുകളുടെ വിതരണോദ്ഘാടനം മുൻ ധനമന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് നിർവ്വഹിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി മുഖ്യ പ്രഭാഷണം നടത്തി. ജൈവ മാലിന്യ സംസ്കരണത്തിന് ബയോ ബിന്നുകളോടൊപ്പം ഓരോ ചാക്ക് ഇനോക്കുലവും നൽകി. വിവിധ സർവ്വീസ് സംഘടനാ നേതാക്കൾ ആശംസകൾ അറിയിച്ചു. ഓഫീസുകളിൽ ജീവനക്കാരുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക കമ്മിറ്റിയാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.



# പച്ചത്തുരുത്തിലേക്ക് ഹരിതയാത്ര

കണ്ണൂർ മുഴക്കുന്ന് പഞ്ചായത്തിലെ അയ്യപ്പൻ കാവ് പച്ചത്തുരുത്തിലേക്ക് ഇരിട്ടി ഉപജില്ല വിദ്യാരംഗം കലാസാഹിത്യ വേദി 'ഹരിതയാത്ര' സംഘടിപ്പിച്ചു. സബ്ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള 200 വിദ്യാർത്ഥികളും 100 അധ്യാപകരുമാണ് ഹരിത യാത്രയിൽ പങ്കെടുത്തത്. ഹരിതയാത്രയെ സ്വീകരിക്കാൻ മുഴക്കുന്നു പഞ്ചായത്ത് പ്രസിഡന്റ് ടി.ബിന്ദുവിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് അധികാരികളും ജനപ്രതിനിധികളും പച്ചത്തുരുത്തിൽ എത്തിയിരുന്നു. പ്രദേശത്തെ പഞ്ചായത്ത് അംഗം ഷെഫീന മുഹമ്മദ്, ഹരിതകേരളം മിഷൻ ആർ.പി. നിഷാദ് മണത്തണ എന്നിവർ പച്ചത്തുരുത്തിന്റെ വിശദാംശങ്ങൾ വിവരിച്ചു. തുരുത്തിലെ വൃക്ഷത്തൈകളുടെ പേരും സവിശേഷതയും കുട്ടികളും അധ്യാപകരും ചോദിച്ചറിഞ്ഞു.

## വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ ജലബജറ്റ്



പത്തനംതിട്ട വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിലെ ജലബജറ്റ് പ്രകാശനം റാന്നി എം.എൽ.എ. അഡ്വ. പ്രമോദ് നാരായൺ നിർവഹിച്ചു. പത്തനംതിട്ട ജില്ല സബ് കളക്ടർ സുമിത് കുമാർ താക്കൂർ മുഖ്യാതിഥി ആയിരുന്നു. വിവിധ വകുപ്പുകൾ പങ്കെടുത്ത യോഗത്തിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. ജലസംരക്ഷണ മേഖലയിലെ പ്രധാന പ്രവർത്തനങ്ങളും തുടർന്ന് ഏറ്റെടുക്കാൻ അനിവാര്യമായ പ്രോജക്ടുകളും യോഗത്തിൽ ചർച്ച ചെയ്തു.

## നീലേശ്വരം നഗരസഭ : കോട്ടപ്പുറം ഹൗസ്ബോട്ട് ടെർമിനൽ ഹരിതടൂറിസം കേന്ദ്രം

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയെ സമ്പൂർണ്ണ ശുചിത്വ നഗരസഭയായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനലിനെ ഹരിതടൂറിസം കേന്ദ്രമായി നഗരസഭ ചെയർപേഴ്സൺ ടി.വി. ശാന്ത പ്രഖ്യാപിച്ചു. നഗരസഭാ സെക്രട്ടറി മനോജ് കുമാർ സ്വാഗതം പറഞ്ഞു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വി. ഗൗരി അധ്യക്ഷത വഹിച്ചു. ഹരിത ടൂറിസം സർട്ടിഫിക്കറ്റ് ചെയർപേഴ്സണിൽ നിന്നും വാർഡ് കൗൺസിലർ റഫീഖ് കോട്ടപ്പുറം ഏറ്റുവാങ്ങി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ബാലകൃഷ്ണൻ കെ. ഹരിത ടൂറിസവുമായി ബന്ധപ്പെട്ട വിഷയം വിശദീകരിച്ചു.



## പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിൽ ശുചിത്വ സന്ദേശ യാത്ര

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനോടനുബന്ധിച്ച് കണ്ണൂർ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തുതല ശുചിത്വ സന്ദേശയാത്ര പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസ്സി ഒ.എസ്സ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.ഷംസുദ്ദീന് പതാക കൈമാറി ഉദ്ഘാടനം ചെയ്തു. പെടയങ്ങോട്, പെരുമണ്ണ്, കുയിലൂർ എന്നീ വാർഡുകളിൽ ഹരിത പദവി കൈവരിച്ച അയൽക്കൂട്ടങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. പെടയങ്ങോട് വാർഡ് മെമ്പർ അബൂബക്കർ സി.വി.എൻ. അധ്യക്ഷത വഹിച്ചു. ആദ്യ ദിവസത്തെ സന്ദേശ യാത്ര കുയിലൂരിൽ സമാപിച്ചു. സമാപന പൊതുയോഗം മുൻ പഞ്ചായത്ത് പ്രസിഡന്റ് പി.പി. രാഘവൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.




## കായണ്ണയിൽ ഹരിതവിദ്യാലയം പ്രഖ്യാപനം

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ ഹരിതവിദ്യാലയ പ്രഖ്യാപനവും സ്കൂളിലെ എൻഎസ്എസിന്റെ നേതൃത്വത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തുമായി ചേർന്നു നടപ്പിലാക്കുന്ന ക്ലീൻ കേരള ഗ്രീൻ കായണ്ണ പദ്ധതിയുടെ ഉദ്ഘാടനവും സച്ചിൻ ദേവ് എംഎൽഎ നിർവഹിച്ചു. മാലിന്യമുക്ത ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി പ്രദേശത്തെ എല്ലാ വീടുകളിലും കമ്പോസ്റ്റ്പിറ്റും, സോക്പിറ്റും നിർമിച്ചിരുന്നു.



## ഹരിത ക്യാമ്പസായി തുരുത്തിക്കാട് ബിഎഎം കോളജ്



പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി തുരുത്തിക്കാട് ബിഎഎം കോളജ് ഹരിത ക്യാമ്പസായി കല്ലൂപ്പാറ പഞ്ചായത്തും ഹരിതകേരളം മിഷനും ചേർന്ന് പ്രഖ്യാപിച്ചു. സമ്മേളനം ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ജി.എ.സ്. അനീഷ് കുമാർ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ കോർഡിനേറ്റർ ജി. അനിൽകുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ചന്ദ്രമോഹൻ, അംഗം ജ്ഞാനമണി മോഹൻ, പഞ്ചായത്ത് പ്രസിഡന്റ് ഗീതാ ശ്രീകുമാർ, അംഗങ്ങളായ ബെൻസി അലക്സ്, രതീഷ് പീറ്റർ, എ.സി. ബിന്ദു, ജോസഫ് കുരുവിള, എ.ജെ. റോബി, എസ്. പാർഥൻ എന്നിവർ പ്രസംഗിച്ചു.

## ഗ്രീൻ ക്യാമ്പസ് പ്രഖ്യാപനം

മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ മാതൃകാപരമായി നടപ്പിലാക്കിയ തിരുവനന്തപുരം കാരോട് ഗ്രാമപഞ്ചായത്തിലെ സരസ്വതി നഴ്സിങ് കോളേജിനെ ഗ്രീൻ ക്യാമ്പസായി പ്രഖ്യാപിച്ചു. നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ പ്രഖ്യാപനം നടത്തി. കോളേജ് ചെയർമാൻ ഡോ. അജയകുമാർ അധ്യക്ഷത



വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ.കവിത, കോളേജ് നോഡൽ ഓഫീസർ ജിഷ എന്നിവരെ ആദരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എ. ജോസ് മുഖ്യാതിഥിയായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സി. അശോക് പദ്ധതി വിശദീകരണം നടത്തി. ഗ്രീൻ ക്യാമ്പസ് നോഡൽ ഓഫീസർ, കോളേജ് അധ്യാപകർ, സ്റ്റാഫ് അംഗങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹരിതസ്ഥാപന പ്രഖ്യാപനങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹരിത സ്ഥാപന, ഹരിത വിദ്യാലയ, ഹരിത കലാലയ പ്രഖ്യാപനങ്ങൾ നടത്തി. പരിപാടിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് രൂപലേഖ കൊമ്പിലാട്ട് നിർവഹിച്ചു. മികച്ച മാതൃക ശുചിത്വ പ്രവർത്തനം നടത്തിയ ബാലുശ്ശേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ആദിദേവിനെ ചടങ്ങിൽ ആദരിച്ചു. ചടങ്ങിൽ 14 സ്കൂളുകൾക്ക് ഹരിത വിദ്യാലയം സർട്ടിഫിക്കറ്റും, രണ്ട്




കലാലയങ്ങൾക്ക് ഹരിത കലാലയം സർട്ടിഫിക്കറ്റും മൂന്ന് സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം സർട്ടിഫിക്കറ്റും നൽകി.

## ചെന്നീർക്കര ഗവൺമെന്റ് ഐ.റ്റി.ഐ. ഇനി ഹരിത കലാലയം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പത്തനംതിട്ട ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഐ.റ്റി.ഐ. യെ ഹരിത കലാലയമായി പ്രഖ്യാപിച്ചു. ശുചിത്വം, മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ്, പച്ചത്തുരുത്ത്, കൃഷി, ജല സുരക്ഷ തുടങ്ങി വിവിധ മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് എ പ്ലസ് ഗ്രേഡ് ഐ.റ്റി.ഐ. യ്ക്ക് നൽകിയത്. ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാജി പി. രാജപ്പൻ, ഐ.റ്റി.ഐ. പ്രിൻസിപ്പാൾ അജിത്ത് കുമാറിന് ഹരിത കലാലയത്തിനുള്ള സർട്ടിഫിക്കറ്റ് കൈമാറി. തുടർന്ന് ഹരിത കലാലയ പ്രഖ്യാപനം



നടത്തി. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെ. ഇന്ദിരാദേവി അധ്യക്ഷത വഹിച്ചു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി. അനിൽ കുമാർ വിശദീകരിച്ചു.

## മുളവുകാട് ഗ്രാമപഞ്ചായത്തിൽ ഹരിത ടൗൺ

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ ഹരിത ടൗൺ പ്രഖ്യാപനം ഗോശ്രീ ജംഗ്ഷനിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി



ജോർജ് നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അക്ബർ എ. പ്രസംഗിച്ചു. വാർഡ് അംഗങ്ങൾ, ഹരിതകർമസേനാംഗങ്ങൾ വിവിധ സംഘടനാ പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളുടെ ഹരിതസഭ വിവിധ ജില്ലകളിൽ

നാട്ടിലെ മലിനീകരണ പ്രശ്നങ്ങളെ നേരിടാൻ കുട്ടികൾ മുന്നോട്ടു വരികയാണ്. അവരവരുടെ വിദ്യാലയത്തിലേയും പ്രദേശത്തെയും മാലിന്യ പ്രശ്നങ്ങൾ പഠിച്ച് തയ്യാറാക്കിയ റിപ്പോർട്ട് കുട്ടികളുടെ ഹരിതസഭയിൽ അവതരിപ്പിച്ചു. നിർദ്ദേശങ്ങളും ആശങ്കകളും ജനപ്രതിനിധികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിനിൽ കുട്ടികളുടെ പങ്കാളിത്തം പ്രതീക്ഷാനിർഭരം.

ആല



കൊല്ലം




മലപ്പുറം




എറണാ



പത്തനംതിട്ട



തൃശ





7478 സ്കൂളുകളിൽ നിന്നായി 92216 കുട്ടികൾ പങ്കെടുത്ത 630 ഹരിത സഭകളാണ് 28.11.2024 വരെ നടന്നത്. ഇതുവരെ 7355 റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സ്കൂൾ കലോത്സവം, തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം തുടങ്ങിയ കാരണങ്ങളാൽ എല്ലാ ജില്ലകളിലും നിശ്ചയിച്ച തീയതികളിൽ ഹരിതസഭ നടന്നില്ല. അവിടങ്ങളിൽ 2024 ഡിസംബറിൽ ഹരിതസഭ പൂർത്തിയാകും.



പ്പുഴ



കാസർഗോഡ്



ഇടുക്കി



കുളം




കണ്ണൂർ



കോട്ടയം



ൂർ



തിരുവനന്തപുരം





## നെഹ്റു കോളേജിനെ ഹരിതകലാലയ മായി പ്രഖ്യാപിച്ചു

കാസർഗോഡ് കാഞ്ഞങ്ങാട് നെഹ്റു കോളേജിനെ ഹരിതകലാലയമായി പ്രഖ്യാപിച്ചു. ജൈവവൈവിധ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കോളേജിൽ ബയോ കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാൻ, ഇൻസിനേറ്റർ



തുടങ്ങിയവ നടപ്പിലാക്കി. സർവകലാശാല പരിസ്ഥിതി വകുപ്പുമായി ചേർന്ന് ഗ്രീൻ ഓഡിറ്റും, എനർജി ഓഡിറ്റും ഇവിടെ എല്ലാ വർഷവും നടത്തുന്നുണ്ട്.

വലിയ മാന്തോപ്പ്, പച്ചത്തുരുത്ത്, ഫലവൃക്ഷത്തുരുത്ത്, ശലഭോദ്യാനം, ഔഷധസസ്യത്തോട്ടം എന്നിവ ഇവിടെ സജീവമായി നിലനിർത്തുന്നു. കളക്ടർ കെ. ഇമ്പശേഖർ ഹരിതകലാലയം പ്രഖ്യാപനം നടത്തി. നഗരസഭ ചെയർ പേഴ്സൺ കെ.വി. സുജാത ചടങ്ങിൽ അധ്യക്ഷയായി. മാനേജർ കെ. രാമനാഥൻ മുഖ്യ അതിഥിയായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ ബാലകൃഷ്ണൻ, ഹരിതകേരളം ആർ.പി. കെ. ബാലചന്ദ്രൻ, ഡോ. ടി. ധിനേഷ് എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ ഡോ. കെ.വി. മുരളി സ്വാഗതവും ഡോ. വി. വിനീഷ് കുമാർ നന്ദിയും പറഞ്ഞു.

## വൈ.എം.സി.എ. സെൻട്രൽ ജംഗ്ഷൻ ഹരിതാഭമായി

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എറണാകുളം കൂത്താട്ടുകുളം നഗരസഭയും മെർച്ചന്റ്സ് അസോസിയേഷൻ കൂട്ടായ്മയും ഒത്ത് ചേർന്നപ്പോൾ സെൻട്രൽ ജംഗ്ഷൻ ഹരിതാഭമായി. ശുചിത്വ പാതയുടെ ജില്ലാതല ഉദ്ഘാടനം കൂത്താട്ടുകുളം നഗരസഭ ചെയർപേഴ്സൺ വിജയ ശിവൻ നിർവഹിച്ചു. ചെടികൾ നട്ടുപിടിപ്പിച്ചും, പൂച്ചട്ടികൾ സ്ഥാപിച്ചും മനോഹരമാക്കി തീർത്തു ജംഗ്ഷൻ. ആവശ്യമായ ചെടിച്ചട്ടികൾ സ്പോൺസർ ചെയ്തത് ശ്രീധരിയം ആയുർവേദ ആശുപത്രിയും, മേരിഗിരി പബ്ലിക് സ്കൂളും ചേർന്നാണ്.



വൈസ് ചെയർമാൻ സണ്ണി കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ, വിവിധ കൗൺസിലർമാർ, നഗരസഭ സെക്രട്ടറി, മെർച്ചന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, CDS അംഗങ്ങൾ, ഹരിത കർമസേന അംഗങ്ങൾ, ആരോഗ്യ വിഭാഗം ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## ശുചിത്വ സുന്ദര കയ്യൂർ ടൗൺ ഉദ്ഘാടനം ചെയ്തു

കാസർഗോഡ് ജില്ലയിലെ ചെമ്പ്രകാനം, ചെറുവത്തൂർ റോഡുകളുടെ സംഗമ ജംഗ്ഷനും ചീമേനി, ചായ്യോത്ത് റോഡുകളുടെ സംഗമ ജംഗ്ഷനും ഉൾപ്പെട്ട കയ്യൂർ ടൗൺ ജനകീയമായി മാലിന്യ മുക്തമാക്കി സൗന്ദര്യവത്ക്കരിച്ചു. ശുചിത്വ സുന്ദര കയ്യൂർ ടൗണിന്റെ ഉദ്ഘാടനം തൃക്കരിപ്പൂർ എംഎൽഎ എം. രാജഗോപാലൻ നിർവഹിച്ചു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. ശാന്ത അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ കെ. ശകുന്തള, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ എ.ജി. അജിത് കുമാർ, പി. ശശിധരൻ, സി. യശോദ, മെമ്പർമാരായ കെ.ടി. ലത, എൻ.വി. രാമചന്ദ്രൻ, ശശികല, കെ.ബി. വീണ, പി. ലീല, കെ.എസ്. കുഞ്ഞിരാമൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.ബി. ഷീബ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ പി. കുഞ്ഞിക്കണ്ണൻ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ പി.വി. ദേവരാജൻ മാസ്റ്റർ,



ഹെൽത്ത് ഇൻസ്പക്ടർ കെ. രാജീവൻ എന്നിവർ ആശംസയർപ്പിച്ചു. ജനപ്രതിനിധികൾ, വ്യാപാരികൾ, ആരോഗ്യ പ്രവർത്തകർ, രാഷ്ട്രീയപാർട്ടി പ്രവർത്തകർ, GHSS കയ്യൂരിലെ NSS വളണ്ടിയർമാർ, SPC കുട്ടികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## കോൺവെന്റ് ജംഗ്ഷൻ ഇനി ഹരിത ടൗൺ

കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കോൺവെന്റ് ജംഗ്ഷൻ ശുചിത്വ ടൗൺ ആയി. നഗരസഭ ചെയർപേഴ്സൺ ടി.വി. ശാന്ത പ്രഖ്യാപനം നടത്തി. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ടി.പി. ലത സ്വാഗതം പറഞ്ഞു. വൈസ് ചെയർമാൻ പി.പി. മുഹമ്മദ് റാഫി അധ്യക്ഷത വഹിച്ചു. നഗരസഭാ സെക്രട്ടറി മനോജ് കുമാർ, കൗൺസിലർമാരായ വിനയരാജ്, പി. കുഞ്ഞിരാമൻ, മോഹനൻ വത്സല, ശ്രീജ, ജയശ്രീ ടീച്ചർ, സതി,സിഡിഎസ്



ചെയർപേഴ്സൺ സന്ധ്യ, അർബൻ ബാങ്ക് ജീവനക്കാർ, ഹരിത കർമസേനാംഗങ്ങൾ, ഓട്ടോറിക്ഷ തൊഴിലാളികൾ, വ്യാപാരികൾ, നഗരസഭാ ആരോഗ്യ വിഭാഗം ജീവനക്കാർ എന്നിവർ പങ്കെടുത്തു. ക്ലീൻ സിറ്റി മാനേജർ എ.കെ. പ്രകാശൻ നന്ദി പറഞ്ഞു.

# മനസുകൾ മാറ്റാം മതിലുകൾ ഭംഗിയാക്കാം

തിരുവനന്തപുരം ആറ്റിങ്ങൽ നഗരത്തിൽ പോസ്റ്ററുകളും സമരാഹ്വാനങ്ങളും കൊണ്ട് നിറഞ്ഞ മതിലുകൾ ചിത്രങ്ങളും ബോധവത്കരണ സന്ദേശങ്ങളും കൊണ്ട് ആകർഷകമാക്കി സ്കൂൾ വിദ്യാർത്ഥികൾ. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നഗരത്തിലെ 8 സ്കൂളിലെ കുട്ടികളുടെ ഗ്രീൻ ആർമിയാണ് നഗരസഭ




അധ്യക്ഷയുടെ നേതൃത്വത്തിൽ ചുവരുകൾ വൃത്തിയാക്കി ചിത്രങ്ങൾ വരച്ചത്. ആറ്റിങ്ങൽ മിനി സിവിൽസ്റ്റേഷൻ, സബ് ട്രഷറി, നഗരസഭ കാര്യാലയം എന്നിവയുടെ മതിലുകളാണ് മനോഹരമാക്കിയത്. അവനവഞ്ചേരി HS ലെ കുട്ടിപോലീസ് പ്ലാസ്റ്റിക് ബോട്ടിലുകൾ ഉപയോഗിച്ച് നഗരസഭ അങ്കണത്തിൽ നിർമിച്ച ഇരിപ്പിടം നഗരസഭ ചെയർപേഴ്സൺ അഡ്വ. എസ്. കുമാരി ഉദ്ഘാടനം ചെയ്തു.

## ഹരിതം പുന്നയൂർ ഹരിത സാങ്കേതിക കേന്ദ്രം

തൃശൂർ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ സേനാംഗങ്ങളുടെ നേതൃത്വത്തിൽ ഹരിതം പുന്നയൂർ എന്ന പേരിൽ ഹരിത സാങ്കേതിക കേന്ദ്രം പ്രവർത്തന മാരംഭിച്ചു. ബയോബിൻ, ഇനോകുലം, ചൂടാറാ പെട്ടി, ഹോട്ട് ബോക്സ്, സെറാമിക് പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ് എന്നിവ വാടകയ്ക്ക് നൽകുന്നതിനൊപ്പം തുണി സഞ്ചി, മൺഭരണി,



വാഴയില എന്നിവ ഓർഡർ പ്രകാരം എത്തിച്ചു കൊടു ക്കുകയുമാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ ഹരിത കർമസേനാംഗങ്ങൾക്ക് അധിക വരുമാനം കണ്ടെത്തുന്നതിനും വഴിയൊരുങ്ങുന്നു.

## ഹരിതസമൃദ്ധി വാർഡായി മേക്കപ്പാല

എറണാകുളം വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡ് മേക്കപ്പാലയെ ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ടി. അജിത് കുമാർ പ്രഖ്യാപനം നടത്തി. വേങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശില്പ സുധീഷ് അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീജ ഷിജോ സ്വാഗതം പറഞ്ഞു. മൂന്നുമാസത്തിലേറെയായി എല്ലാ വീടുകളിലും പച്ചക്ക റിത്തോട്ടം, പുതിയ ഇടങ്ങളിലെ സൗന്ദര്യവൽക്കരണം, ഹരിത സ്ഥാപന പ്രഖ്യാപനം, ഊർജ്ജ സംരക്ഷണ ക്ലാസുകൾ എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ് മേക്കപ്പാല വാർഡ്.

## ശുചിത്വ സുന്ദര വെള്ളച്ചാൽ ടൗൺ ഉദ്ഘാടനം ചെയ്തു

കാസർഗോഡ് ജില്ലയിലെ പിലിക്കോട് പഞ്ചായത്തിലെ 5, 8, 9 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന വെള്ളച്ചാൽ ടൗൺ ജനങ്ങളുടെ സഹകരണത്തോടെ മാലിന്യ മുക്തമാക്കി സൗന്ദര്യവത്ക്കരിച്ചു. ശുചിത്വ സുന്ദര വെള്ളച്ചാൽ ടൗണിന്റെ ഉദ്ഘാടനം നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്




പ്രസിഡന്റ് മാധവൻ മണിയറ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. പ്രസന്നകുമാരി അധ്യക്ഷത വഹിച്ചു. ബോട്ടിൽ ബൂത്ത്, അജൈവ മാലിന്യ ശേഖരണ ബിന്നുകൾ, പൂച്ചട്ടികൾ എന്നിവ സ്പോൺസറിംഗിലൂടെ സ്ഥാപിച്ചു. ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ഓട്ടോ തൊഴിലാളികൾ, പള്ളി ഭാരവാഹികൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## അരീക്കൽ ഹരിത ടൂറിസം പദ്ധതിയും ടേക്ക് എ ബ്രേക്ക് സമുച്ചയവും

എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ അരീക്കൽ വെള്ളച്ചാട്ടം ടൂറിസ്റ്റ് കേന്ദ്രത്തെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഭരണസമിതി നിർമ്മിച്ച ടേക്ക് എ ബ്രേക്ക് പാമ്പാക്കുട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീകാന്ത് നന്ദനൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ തോമസ് തടത്തിലിൽ അധ്യക്ഷത വഹിച്ചു.




അരീക്കൽ ടൂറിസം കേന്ദ്രത്തിൽ പിറമാടം എം.ജി.എം. പോളിടെക്നിക്ക് കോളേജ് എൻ.എസ്.എസ്. യൂണിറ്റ്, ലയൺസ് ക്ലബ്ബ്, ഹരിത കർമസേന, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ ആഭിമുഖ്യത്തിൽ വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മെഗാ ക്ലീനിങ് ഡ്രൈവിന് പാമ്പാക്കുട ഗ്രാമപഞ്ചായത്ത് ജനപ്രതി നിധികൾ, ലയൺസ് ക്ലബ്ബ് ഭാരവാഹികൾ, ഹരിതകേരളം മിഷൻ ആർ.പി., ശുചിത്വമിഷൻ ആർ.പി., ഹരിത കർമസേന കൺസോർഷ്യം പ്രസിഡന്റ് എന്നിവർ നേതൃത്വം നൽകി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പൊതു നിരത്തുകൾ സുന്ദരമാക്കുന്നതിന്റെ ഭാഗമായി അരീക്കൽ കനാൽ റോഡിന്റെ വശങ്ങളിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു.

## പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഗ്രീൻടോക്ക്



എറണാകുളം വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഗ്രീൻ ടോക്ക് സംഘടിപ്പിച്ചു. ശുചിത്വത്തിനൊപ്പം യുവത എന്ന ക്യാമ്പയിനുമായി ബന്ധപ്പെട്ട് യൂത്ത് മീറ്റിന്റെ ഭാഗമായിട്ടാണ് കെമിസ്റ്റ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് ആൻഡ് റിസർച്ച് കോളേജിൽ വെച്ച് ഗ്രീൻ ടോക്ക് സംഘടിപ്പിച്ചത്. അഡ്മിനിസ്ട്രേറ്റീവ് വൈസ് പ്രിൻസിപ്പൽ ജോൺ തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.കെ. അശോക് കുമാർ ഉദ്ഘാടനം നിർവഹിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ്പേഴ്സൺ സുരേഷ് എ.എ. വിഷയാവതരണം നടത്തി.

## കരിയാത്തൻ കാവ് അങ്ങാടിയെ ഹരിത ടൗണായി പ്രഖ്യാപിച്ചു

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ 21, 22 വാർഡുകളുടെ കേന്ദ്രമായ കരിയാത്തൻ കാവ് അങ്ങാടി ശുചീകരിച്ച് ഹരിത ടൗണായി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇന്ദിര ഏറാടി പ്രഖ്യാപനം നടത്തി. പ്രദേശത്തെ വ്യാപാരി, വ്യവസായി, സാമൂഹിക-സാംസ്കാരിക സംഘടനകൾ, ശിവപുരം ജി.എച്ച്.എസ്.എസ് ലെ എൻ.എസ്.എസ്. പ്രവർത്തകർ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് പ്രവർത്തകർ എന്നിവർ ചേർന്നാണ് ശുചീകരണം നടത്തിയത്.

## പാലക്കാടിൽ 7,045 സ്ഥലങ്ങൾ ഹരിതകേന്ദ്രങ്ങളായി

മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ആദ്യ ഘട്ടം പിന്നിടുമ്പോൾ, പാലക്കാട് ജില്ലയിൽ 7,045 ഇടങ്ങൾ ഹരിതകേന്ദ്രങ്ങളാക്കി മാറ്റി. ജൈവ മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം തുടങ്ങിയവ ഒരുക്കുന്നതിന് നിശ്ചിത മാർക്ക് ലഭിക്കുന്ന ഇടങ്ങളാണ് ഹരിതകേന്ദ്രങ്ങളായി രേഖപ്പെടുത്തുക. 958 സർക്കാർ ഓഫീസുകൾ, 5,393 അയൽക്കൂട്ടങ്ങൾ, 553 സ്കൂളുകൾ, 38 കോളേജുകൾ, 97 ജങ്ഷനുകൾ, ആറ് ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയവയാണ് ജില്ലയിൽ ഇതുവരെ ഹരിത കേന്ദ്രങ്ങളാക്കിയിട്ടുള്ളത്. ഈ ഇടങ്ങൾ മാലിന്യമുക്തമായി പരിപാലിക്കുന്നതിനും മേൽ നോട്ടത്തിനുമായി നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ഹരിതകേന്ദ്രങ്ങളാക്കിയ ജങ്ഷനുകൾ മാലിന്യമുക്തമായി പരിപാലിക്കുന്നതിനായി വ്യാപാരികളുടെ സഹകരണവും തേടിയിട്ടുണ്ട്. 2025 മാർച്ച് 31-ന് ക്യാമ്പയിൻ അവസാനിക്കുമ്പോഴേക്കും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 13,145 ഇടങ്ങളും ഹരിതകേന്ദ്രങ്ങളാക്കുകയാണ് ലക്ഷ്യം.

## വിളയങ്കോട് വിറാസ് കോളേജിന് ഹരിത കലാലയ പദവി

കണ്ണൂർ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വാദിഹുദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിന് - (WIRAS) ഹരിത കലാലയ പദവി സമ്മാനിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ ഒക്ടോബർ 7 ന് നടന്ന ചടങ്ങിൽ മുൻ ആരോഗ്യ വകുപ്പ് മന്ത്രി പി.കെ.ശ്രീമതി ടീച്ചറാണ് ഹരിത കലാലയ പദവി പ്രഖ്യാപിച്ചത്. ചടങ്ങിൽ വെറുതാഴം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ശ്രീധരൻ അധ്യക്ഷത വഹിച്ചു. കോളേജിലെ ഗ്രീൻ ബ്രിഗേഡ് പ്രവർത്തന ഉദ്ഘാടനം ഹരിതകേരളം ജില്ലാ മിഷൻ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ നിർവഹിച്ചു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. അബു ഇസഹാക്ക്



സ്വാഗതം പറഞ്ഞു. കോളേജ് മാനേജർ ടി.കെ. മുഹമ്മദ് റിയാസ് മുഖ്യ അതിഥിയായി പങ്കെടുത്തു.

## തിരുവനന്തപുരം പൂവാർ ലൊയോള കോളേജ് ഇനി ഗ്രീൻ ക്യാമ്പസ്



തിരുവനന്തപുരം ജില്ലയിലെ പൂവാർ ലൊയോള കോളേജിനെ ഗ്രീൻക്യാമ്പസായി ഹരിത കേരളം മിഷൻ പ്രഖ്യാപിച്ചു. പരിസ്ഥിതിസൗഹൃദ പ്രവർത്തന മികവുകൊണ്ടാണ് കോളേജിനെ ഗ്രീൻകാമ്പസായി തിരഞ്ഞെടുത്തത്. ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ അജയകുമാർ കോളേജ് ഡയറക്ടറും പ്രിൻസിപ്പലുമായ ഫാ. ബിനു കടുത്തലക്കുന്നേൽ എസ്.ജെ. യെ ആദരിച്ചു. ചടങ്ങിൽ സർട്ടിഫിക്കറ്റും പുരസ്കാരവും വിതരണം ചെയ്തു.

# മാറ്റത്തിനൊരുങ്ങി മലപ്പുറം മുട്ടിപ്പാലം

മാറ്റത്തിലേക്ക് ചുവടുവെക്കുകയാണ് മലപ്പുറം മഞ്ചേരി നഗരസഭയിലെ അതിർത്തി പ്രദേശമായ മുട്ടിപ്പാലം അങ്ങാടി. പൊതുജന പങ്കാളിത്തത്തോടെ മുട്ടിപ്പാലത്തെ ഹരിത അങ്ങാടിയായി മാറ്റിയെടുക്കുകയാണ് മഞ്ചേരി നഗരസഭയിലെ ഭരണസമിതി.

മുട്ടിപ്പാലത്തെ വ്യാപാരികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, വിവിധ ക്ലബ് അംഗങ്ങൾ, പൊതുപ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരെ ഒപ്പം നിർത്തിയാണ് ജനകീയമായി മുട്ടിപ്പാലത്തിന് പുതിയമുഖം തീർക്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി നാട്ടുകാരെ ഉൾപ്പെടുത്തി വിപുലമായി യോഗം വിളിച്ചുചേർത്തു. പിന്നീട് ജനകീയ കമ്മിറ്റിക്ക് രൂപം നൽകി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി നഗരസഭയിലെ അങ്ങാടികൾ ഹരിത അങ്ങാടികളാക്കുന്നതിന്റെ ഭാഗമായിട്ടാണ് മുട്ടിപ്പാലത്തെ തിരഞ്ഞെടുത്തത്. മലപ്പുറം ഭാഗത്തു നിന്ന് മഞ്ചേരി നഗരസഭയിലേക്ക് പ്രവേശിക്കുന്ന അതിർത്തി പ്രദേശംകൂടിയാണ് മുട്ടിപ്പാലം.

മുട്ടിപ്പാലം മുതൽ 22-ാം മൈൽ വരെ 200 മീറ്റർ ദൂരം മനോഹരമാക്കുകയാണ് ലക്ഷ്യം. മുട്ടിപ്പാലത്തെ വ്യാപാരികളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. കടകളിൽ നിന്നുള്ള ഒരു തുണ്ട് കടലാസ് മാലിന്യം പോലും റോഡിലോക്കോ ഫുഡ്പാത്തിലേക്കോ വീഴില്ലെന്ന് ഇവർ നഗരസഭക്ക് ഉറപ്പുനൽകി. മാലിന്യം നിക്ഷേപിക്കാനുള്ള ചെറിയ ബിന്നുകളും വ്യാപാരികളുടെ നേതൃത്വത്തിൽ ഇവിടെ സ്ഥാപിക്കും. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ മറ്റു സ്ഥലങ്ങളെക്കൂടി മനോഹരമാക്കിയെടുക്കുകയാണ് നഗരസഭയുടെ ലക്ഷ്യം.

## കിഴക്കമ്പലത്ത് 'തെങ്ങിന് തടം മണ്ണിനു ജലം'

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ തെങ്ങിന് തടം മണ്ണിന് ജലം പരിപാടിക്ക് തുടക്കം കുറിച്ചു. ആദ്യദിനം 15 തെങ്ങുകൾക്ക്തടം എടുത്തു. പഞ്ചായത്ത് പ്രസിഡന്റ് പരിപാടി ഉദ്ഘാടനം ചെയ്തു. തൊഴിലുറപ്പ് തൊഴിലാളികൾ, സി.ഡി.എസ്. മെമ്പർ, വാർഡ് മെമ്പർ, ബ്ലോക്ക് പഞ്ചായത്തംഗം, പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയവർ പങ്കെടുത്തു. ക്യാമ്പയിൻ പ്രവർത്തനങ്ങൾ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് തീരുമാനം.



## ഏകാരോഗ്യം പദ്ധതി സംസ്ഥാനതല ശിൽപശാല



ആർദ്രം മിഷന്റെ ഏകാരോഗ്യം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ, മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട്, ഗുരുതര രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി ഇതിനുപുറമെ അവയുടെ ഫീൽഡ് തല പൈലറ്റിംഗ് നടത്തുകയും ചെയ്തു. ഇതിലെ കണ്ടെത്തലുകൾ ക്രോഡീകരിക്കുന്നതിനായി 2024 ഒക്ടോബർ 29 ന് തിരുവനന്തപുരത്ത് സംസ്ഥാനതല ശിൽപശാല, സംഘടിപ്പിച്ചു. ആരോഗ്യ- കുടുംബക്ഷേമ, ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ ഐ.എ.എസ്., സെന്റർ ഫോർ വൺ ഹെൽത്ത് - കേരള - യുടെ ഡയറക്ടർ എം.എസ്. മാധവിക്കുട്ടി ഐ.എ.എസ്., അഡീഷണൽ ഡയറക്ടർ (പബ്ലിക് ഹെൽത്ത്) ഡോ. റീത്ത, അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ഡോ. നന്ദകുമാർ, അസിസ്റ്റന്റ് ഡയറക്ടർ (മെഡിക്കൽ) ഡോ. അജൻ, വേൾഡ് ബാങ്ക് കൺസൾട്ടന്റ് സതീഷ് ചന്ദ്രൻ എന്നിവർ സംസാരിച്ചു. ആരോഗ്യവകുപ്പിലെയും ഏകാരോഗ്യവുമായി സഹകരിക്കുന്ന അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തു.

## പെരുമ്പളത്ത് LED ക്ലിനിക്കും ബൾബ് നിർമ്മാണ യൂണിറ്റും

ആലപ്പുഴ ജില്ലയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനാംഗങ്ങളുടെ നേതൃത്വത്തിൽ LED റിപ്പയർ ക്ലിനിക്കും ബൾബ് നിർമ്മാണ യൂണിറ്റുമാരംഭിച്ചു. കേടായ LED ബൾബുകൾ റിപ്പയർ ചെയ്ത് ഉപയോഗക്ഷമമാക്കുകയും പുനരുപയോഗത്തിലൂടെ ഇ-മാലിന്യം കുറയ്ക്കുകയും ഒപ്പം ഹരിത കർമസേനയ്ക്ക് വരുമാന വർദ്ധനയും ഇതിലൂടെ സാധ്യമാകുന്നു.



ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി. ആശയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. ആർ രജിത യൂണിറ്റ് ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ കെ. എസ്. രാജേഷ്, റൂറൽ സയൻസ് & ടെക്നോളജി ഡയറക്ടർ പി. എ. തങ്കച്ചൻ, ജനപ്രതിനിധികൾ, ഹരിത കർമസേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# വയ്യാങ്കരചിറ ഇനി ഹരിത ടൂറിസം കേന്ദ്രം

മാവേലിക്കര താമരക്കുളം വയ്യാങ്കരചിറയെ ഹരിതടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വേണു പ്രഖ്യാപനം നടത്തിയത്. വാർഡ് മെമ്പർ ശോഭയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ നവകേരളം കർമപദ്ധതി ആലപ്പുഴ ജില്ലാ കോർഡിനേറ്റർ കെ.എസ്. രാജേഷ് മുഖ്യ പ്രഭാഷണം നടത്തി. സി.ഡി.എസ്. ചെയർപേഴ്സൺ സതി, വാർഡ് മെമ്പർമാരായ തൻസീർ, മന്മഥൻ, ആത്തുക്കാബീവി തുടങ്ങിയവർ പ്രസംഗിച്ചു.

പ്രകൃതി രമണീയമായ വയ്യാങ്കരചിറ ബോട്ടിംഗിനും വിശ്രമത്തിനും അനുയോജ്യമായ ശാന്തസുന്ദരമായ പ്രദേശമാണ്. പച്ചപ്പും ദേശാടനപ്പക്ഷികളും നിറഞ്ഞ മനോഹരമായ തണ്ണീർത്തടം, ബോട്ടിംഗ്, കയാക്കിംഗ് തുടങ്ങിയവ ഇവിടത്തെ പ്രധാന ആകർഷണമാണ്. ബോട്ടിംഗിലൂടെ ചുറ്റുമുള്ള ഗ്രാമസൗന്ദര്യം വീക്ഷിക്കാനും അവസരമൊരുക്കിയിട്ടുണ്ട്. ഫുഡ്സ്റ്റാളുകൾ, റസ്റ്റോറന്റുകൾ, വിശ്രമമുറികൾ, പാർക്കിംഗ് സൗകര്യം എന്നിവയും ഒരുക്കിയിട്ടുണ്ട്. ഹരിതചട്ടം അനുസരിച്ചാണ് പ്രവർത്തനം.



# കൊരങ്ങാട്ടി വീണ്ടും കൃഷിയിലേക്ക്

തണ്ണീർതടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണം മുൻനിർത്തി വിവിധ വകുപ്പുകളെ ഏകോപിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിൽ പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന അടിമാലി ഗ്രാമപഞ്ചായത്തിലെ തരിശായി കിടക്കുന്ന കൊരങ്ങാട്ടി പാടശേഖരത്തെ കൃഷിയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുന്നു. കൊരങ്ങാട്ടി പാടശേഖരത്തിലെ കർഷകർ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചും മലയോര ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും കർഷകർക്ക് കൂടുതൽ സാമ്പത്തിക നേട്ടം ഉറപ്പാക്കിയുമാണ് 'കൊരങ്ങാട്ടി വീണ്ടും കൃഷിയിലേക്ക് ' പദ്ധതി നടപ്പാക്കുന്നത്. ജലസേചന വകുപ്പ്, കർഷക ക്ഷേമ കാർഷികവികസന വകുപ്പ്, അടിമാലി ഗ്രാമപഞ്ചായത്ത്, തൊഴിലുറപ്പ് പദ്ധതി, വനം വന്യജീവി വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ടൂറിസം വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ ഉദ്യമത്തിലെ ജലസേചന പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 2024 നവംബർ അവസാനവാരം കൊരങ്ങാട്ടി പാടശേഖരത്തിൽ നടക്കും. പദ്ധതിയുടെ പ്രാരംഭഘട്ടമായ കൊരങ്ങാട്ടി തടയണയുടെയും കനാലുകളുടെയും കൊരങ്ങാട്ടി നെല്ലിപ്പാറ തോടിന്റെയും അതോടൊപ്പമുള്ള കലുങ്കുകളുടെയും നവീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 1.98 കോടി രൂപ ജലസേചന വകുപ്പിന് അനുവദിച്ചിട്ടുണ്ട്.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246